(ഡി) ഇതിനുള്ള നടപടികൾ ആദ്യഘട്ട പരിശീലനത്തിന്റെ ഭാഗമായി തന്നെ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് നടക്കുന്ന പരിശീലനങ്ങളിലും പഞ്ചായത്ത്-നഗരപാലികാ നിയമങ്ങളെയും ചട്ടങ്ങളെയും മറ്റ് ഭരണ നിർവ്വഹണ നടപടിക്രമങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് നടപടി

179 (1937) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഭരണഘടനയുടെ 10-ാം പട്ടികയ്ക്ക് അനുസൃതമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുമോ :

(ഡി) നിലവിലുള്ള കൂറുമാറ്റനിയമം അനുസരിച്ച് ഹർജികൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ഉണ്ട്. കൂറുമാറ്റത്തിന്റെ പേരിൽ സമർപ്പിക്കുന്ന ഹർജികൾ തീർപ്പ് കല്പിക്കുന്നതിനുള്ള സമയപരിധി അറുപത് ദിവസം എന്നത് ഇപ്പോൾ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്ത് 120 ദിവസമായി ഉയർത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത സംഭവം

180 (1938) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ ചെയ്ത ജോലിക്ക് തൊഴിലാളികൾക്കും ജീവനക്കാർക്കും കൂലി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കാത്തത് കാരണമാണോ ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly